നം.ജെ 1/9751/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: .08.2017

## സർക്കുലർ

വിഷയം:- കോ.വി.വ- റേഷൻ കാർഡ്-മുൻഗണനാ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത് -സംബന്ധിച്ച്.

സൂചന:-05.08.2017 തീയതിയിലെ ഭ.പൊ.വി.വ-ബി3/258/2017 സർക്കുലർ.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2012 അനുശാസിക്കുന്നതനുസരിച്ച് മുൻഗണനാ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിന്റെ നടപടിയുടെ ഭാഗമായി എല്ലാ സർക്കാർ ജീവനക്കാരും അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡ്, ഡ്രോയിങ് & ഡിസ്ബേഴ്സിങ് ഓഫീസർ മുൻപാകെ 2017 ഓഗസ്റ്റ് 20നു മുൻപായി പരിശോധനയ്ക്ക് വിധേയമാക്കണമെന്നും മതിയായ കാരണമില്ലാതെ റേഷൻ കാർഡ് / സത്യവാങ്മൂലം ഹാജരാക്കാത്ത ജീവനക്കാർക്കെതിരേ വകുപ്പ് അദ്ധ്യക്ഷൻ നടപടി സ്വീകരിക്കണമെന്നും സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ഈ വകുപ്പിനു കീഴിലെ എല്ലാ ഓഫീസുകളിലെയും ഡ്രോയിങ് & ഡിസ്ബേഴ്സിങ് ഓഫീസർമാർ എല്ലാ ജീവനക്കാരുടെയും, പേര് ഉൾപ്പെട്ട റേഷൻ കാർഡ് പരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ ജീവനക്കാരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാരെ ഓഗസ്റ്റ് 30നു മുൻപായി അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് സൂചന സർക്കുലർ പരിശോധിക്കേണ്ടതാണ്.

(ഒപ്പ്)
മഞ്ജുള. റ്റി.പി
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.**

വകുപ്പിന് കീഴിലുള്ള എല്ലാ
സ്ഥാപനങ്ങളിലെയും ഡിഡിഒമാർക്ക്

//അംഗീകാരത്തോടെ//
Jayalakshmidevi.14
സൂപ്രണ്ട്.